മേൽപട്ടിക പ്രകാരം കോർപ്പറേഷനോട് ആവശ്യപ്പെട്ടതനുസരിച്ചുള്ള വിറ്റാമിൻ എ-യുടെ 97 ശതമാനത്തോളം വിതരണം നടത്തിക്കഴിഞ്ഞു.

അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ

46 (2255) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള എമർജൻസി മെഡിക്കൽ സർവ്വീസസ് പ്രോജക്ട് മുഖേന ആകെ എത്ര അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ് സംസ്ഥാനത്തുള്ളത് ;

(ബി) ഇതിൽ ഓരോ ജില്ലയിലും എത്ര ആംബുലൻസ് സർവ്വീസുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) ഓരോജില്ലയിലും എത്ര ആംബുലൻസുകളാണ് ഇപ്പോൾ പ്രവർത്തനക്ഷമമായിട്ടുള്ളത് ;

(ഡി) പ്രവർത്തനക്ഷമമല്ലാത്ത ആംബുലൻസുകൾ പ്രവർത്തന സജ്ജമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) ആകെ 43 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്.

(ബി) തിരുവനന്തപുരം ജില്ലയിൽ 25-ഉം ആലപ്പുഴ ജില്ലയിൽ 18-ഉം അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

(സി) 10-6-2015-ൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന 25 അഡ്വാൻസ് ലൈഫ് സപ്പോർട്ട് ആംബുലൻസുകളിൽ 21 എണ്ണം പ്രവർത്തനക്ഷമവും 4 എണ്ണം വാർഷിക ഫിറ്റ്നസ് ടെസ്റ്റിനുവേണ്ടിയുള്ള ജോലികൾക്കായി വർക്ഷോപ്പിലുമാണ്. ആലപ്പുഴ ജില്ലയിൽ 11 ആംബുലൻസുകൾ പ്രവർത്തനക്ഷമവും 6 എണ്ണം വാർഷിക ഫിറ്റ്നസ് ടെസ്റ്റിനുവേണ്ടിയുള്ള ജോലികൾക്കായി വർക്ഷോപ്പിലുമാണ്. ഒരു ആംബുലൻസ് മറ്റ് കാരണങ്ങളാൽ പ്രവർത്തന സജ്ജമല്ല.

(ഡി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ പ്രവർത്തനക്ഷമമല്ലാത്ത ആംബുലൻസുകൾ നിയമപരമായ വാർഷിക ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

പെയിന്റിംഗ്, സ്റ്റിക്കറിംഗ് മുതലായ പ്രവർത്തനങ്ങൾക്കായി വർക്ഷോപ്പിലാണ്. പ്രസ്തുതപണികൾ കഴിയുന്നമുറയ്ക്ക് ഈ വാഹനങ്ങൾ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ ഹാജരാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭിച്ചശേഷം പ്രവർത്തനസജ്ജമാക്കുന്നതാണ്.

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

47 (2256) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിന് എം. എൽ. എ. യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണത്തിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭരണാനുമതിയുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് നാളിതുവരെയും ധനകാര്യ വകുപ്പിന് നൽകിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുതറിപ്പോർട്ട് അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് സെന്റർ സ്ഥാപിക്കുന്നതിനുള്ള കെട്ടിടനിർമ്മാണം സംബന്ധിച്ച ഫയൽ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട അധിക തസ്തിക സൃഷ്ടിക്കേണ്ട ആവശ്യമുണ്ടോയെന്ന് അറിയിക്കാൻ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

അട്ടപ്പാടി മേഖലയിലെ ആശുപത്രികളുടെ അടിസ്ഥാന വികസനം

48 (2257) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിശുമരണങ്ങളെ തുടർന്ന് അട്ടപ്പാടി മേഖലയിൽ ആരോഗ്യവകുപ്പ് നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly